**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 326** **27-10-2021 - ൽ മറുപടിയ്ക്ക്**

**പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസ് പുതുതായി പ്രാവർത്തികമാക്കിയിട്ടുള്ള പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് മുഖേന നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19 ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങിയ ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു., സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങൾ പരിശോധിക്കുന്നതിനായി പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള 134 വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് മൂന്നു ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ ഇരുചക്ര വാഹനങ്ങളുടെ ഡ്രൈവിംഗ് പരിശീലനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കു വേണ്ടി 35 മോട്ടോർ ബൈക്കുകളും 20 സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്. പിങ്ക് പോലീസ് പ്രോജക്റ്റിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനായി മാർഗ്ഗരേഖ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ | (ബി) | നിലവിൽ സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിലായി ഓരോന്നു വീതം 14 വനിതാ |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; | | പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ 5 പോലീസ് ജില്ലകളിൽ നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30.01.2017-ലെ സ.ഉ.(കൈ)നമ്പർ 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു. നിലവിലുണ്ടായിരുന്ന പത്ത് വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ, 05.11.2019-ലെ GO(Ms) No.175/2019/Home എന്ന ഉത്തരവ് പ്രകാരം 4 (നാല്)വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ സ്ഥാപിച്ചു. പുതുതായി ആരംഭിച്ച KAP 6th ബറ്റാലിയനിൽ ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്. കേരള പോലീസിൽ വനിതാ പ്രാതിനിധ്യം നിലവിൽ 9% ആണ്. സർക്കാരിന്റെ ഫലപ്രദമായ നടപടിയിലൂടെ നിലവിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 14% -ൽ അധികമായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ